അക്രൊഫോബിക് ആണ് അയാൾ. ഉയരമുള്ള ഇടങ്ങളോട് ഒരുതരം ഭ്രാന്തമായ ഭയം! പലപ്പോഴും പക്ഷെ, ഉയരമുള്ള ഇടങ്ങളെ അയാൾ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. കൂടെ നിൽക്കുന്ന ചിലർക്കൊക്കെ അറിയാം, ഇയാളുടെ അകാരണമായ ഈ ഭയത്തെ; പക്ഷെ ആ നിമിഷങ്ങളിൽ അയാൾ തരണം ചെയ്യേണ്ടി വരുന്ന യുദ്ധഭൂമിയുടെ ഭീകരത, ഉള്ളിലെ ഇടിമുഴക്കങ്ങൾ, പിടിവലികൾ... ഒന്നും തൊട്ടടുത്ത് നിൽക്കുന്നവർക്കു പോലും കാണാനാകുന്നില്ല. ചങ്കിങ്ങനെ വലിഞ്ഞുമുറുകുമ്പോഴും ശ്വാസനിശ്വാസങ്ങൾപോലും ഭാരമാകുമ്പോഴും കൂടെ സഹവസിക്കുന്നവർക്കുപോലും അതു വായിച്ചെടുക്കാൻ കഴിയാതെ പോകുന്നതിന്റെ കാരണം അയാൾക്ക് തീരെ മനസ്സിലാകുന്നില്ല.

വർഷങ്ങളിലെ അനുഭവംകൊണ്ട് അയാൾക്ക് വ്യക്തമായി അറിയാം, ഈ ഭയത്തിന് കാതലൊന്നും ഇല്ല എന്ന്. താഴെയിറങ്ങിവന്ന് എല്ലാം ശാന്തമാകുമ്പോൾ അയാൾക്ക് തോന്നാറുണ്ട്, അടുത്തവട്ടം ഇതിനെ കുറേക്കൂടി ഭേദപ്പെട്ട രീതിയിൽ നേരിടാനാകുമെന്ന്. പക്ഷെ, ഓരോ തവണയും യുദ്ധകാഹളത്തിന്റെ ശബ്ദം കൂടുന്നതയാളറിയുന്നുണ്ട്. ഇതും കടന്നുപോകും എന്ന തിരിച്ചറിവ് മാത്രമാണ് അയാൾക്ക് ആശ്വാസം നൽകുന്നത്.

അരികെ നിൽക്കുന്നൊരുവന്റെ ഉറപ്പുള്ളൊരു കരം ആശ്വാസത്തിന്റെ, ധൈര്യത്തിന്റെ മരുന്നാണെന്നറിയാം. പക്ഷെ ചോദിച്ചു വാങ്ങി മടുത്തു. ചിലപ്പോഴെങ്കിലും കണ്ടറിഞ്ഞ് കരം നീട്ടുന്നവർ ഉണ്ടായിരുന്നെങ്കിൽ... ഒരു പക്ഷെ ഈ യുദ്ധം കുറേക്കൂടി സൗമ്യമായേനേ.

എങ്കിലും ആശ്വാസങ്ങൾക്കൊക്കെ ഒരു പരിധിയുണ്ട് എന്ന് തിരിച്ചറിവും അയാളെ കരുത്തനാക്കുന്നുണ്ട്. കരുത്തുറ്റ കരങ്ങൾക്കും കരുതലുള്ള ഹൃദയങ്ങൾക്കും ഉള്ളിലെ യുദ്ധഭൂമിയിൽ റോളില്ലല്ലോ...

# ഓർമ്മ

വിനീത് ബനഡിക്ട് എൽ.
Second Year MSW

സെമിനാരി പഠനകാലത്ത് എറണാകുളത്തെ ഒരു പള്ളിയിൽ ശുശ്രൂഷകൾക്കായി പോയിട്ടുണ്ട്. അന്ന് അവിടെ ഒരു ചേട്ടൻ ഉണ്ടായിരുന്നു. കല്ല്യാണം ഒന്നും കഴിച്ചിട്ടില്ല. മീൻ പിടിക്കാൻ പോകും. പിന്നെ ബാക്കി സമയം മുഴുവൻ പള്ളിയിൽ ആണ്. ഞാൻ ചെന്ന ദിവസം തന്നെ പരിചയപ്പെടാൻ വന്നു. സംസാരിക്കുമ്പോൾ തുപ്പൽ തെറിക്കും. മുന്നിലെ ഒരു പല്ല് നഷ്ടപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, എനിക്ക് തീരെ അങ്ങു പിടിച്ചില്ല. എല്ലാ പള്ളികളിലും കാണും ഇങ്ങനെ കുറച്ചുപേർ. സ്നേഹിച്ചു ബുദ്ധിമുട്ടിക്കുന്നവർ. ഞാൻ ഒരു വർഷത്തെ സേവനം അവസാനിപ്പിച്ച് ഇറങ്ങുന്ന ദിവസം അയാൾ വന്നു. കയ്യിൽ ഒരു ചെറിയ കുറിപ്പ് ഉണ്ട്. എനിക്ക് വേണ്ടി ചൊല്ലിയ പ്രാർത്ഥനകളുടെ ചെറിയ കണക്കായിരുന്നു അതിൽ. കൂടെ പ്രാർത്ഥനയുമായി താനുണ്ട് എന്ന് ഓർമ്മിപ്പിക്കാൻ. അതും തന്ന് അയാൾ തിരികെ നടന്നു പോയി. ഓടിപ്പോയി ആശ്ലേഷിക്കണം എന്നുണ്ടായിരുന്നു. പറ്റിയില്ല. കുറച്ചു ദിവസങ്ങൾക്കുശേഷം വള്ളം മുങ്ങി അന്ത്രയോസേട്ടൻ മരിച്ചു. കടങ്ങൾക്ക് പുറമേ കടങ്ങളുമായി ജീവിക്കുന്ന ഞാൻ ഇനി എന്ത് ചെയ്യും.





# മുഖം മാറുന്ന ധനുഷ്കോടി

അനന്തു ബി.എൽ.
First Year MSW

പ്രിയ സുഹൃത്തേ, ഒരിക്കലെങ്കിലും ഇവിടെ ഒന്നു പോകണം, കാരണം ഈ ധനുഷ്കോടിക്ക് നിങ്ങളെ ഒരുപാട് പഠിപ്പിക്കാനുണ്ട്. ഇതൊരു പട്ടണമായിരുന്നു, മറ്റേത് പട്ടണം പോലെ...കാറ്റു വന്നു മുത്തം വയ്ക്കും മുന്നേ...

ധനുഷ്കോടി, ധനുസിന്റെ അറ്റം എന്നാണ് ധനുഷ്കോടിയുടെ അർത്ഥം. രാമസേതു പണിയാനുള്ള സ്ഥലം രാമൻ തന്റെ ധനുസ്സ്കൊണ്ട് അടയാളപ്പെടുത്തിയത്കൊണ്ടാണ് ഈ പേര് കിട്ടിയതെന്നും, ലങ്കയിൽ നിന്നും സീതയുമായി തിരിച്ചെത്തിയ ശേഷം രാവണന്റെ അനിയൻ വിഭീഷണന്റെ അഭ്യർത്ഥന പ്രകാരം ധനുസ്സിന്റെ ഒരറ്റംകൊണ്ട് രാമസേതു മുറിച്ചു കളഞ്ഞു എന്നതുമാണ് പേരിനച്ചൊല്ലി ഇവിടെ നിലനിൽക്കുന്ന രണ്ട് പുരാണകഥകൾ.

പക്ഷെ, ധനുഷ്കോടി എന്ന പേര് പലരുടെയും മനസ്സിൽ ഇടം പിടിച്ചത്, ഒരു നശിച്ച രാത്രിയുടെ ഓർമ്മയിലാണ്. രാമേശ്വരംപോലെ ഒരു കൊച്ചുപട്ടണം തന്നെ ആയിരുന്നു അതിനുംമുൻപേ ധനുഷ്കോടി. സ്കൂൾ, റെയിൽവേസ്റ്റേഷൻ, ബസ്സ്റ്റാൻഡ്, റെയിൽവേക്വാർട്ടേഴ്സ്, ബാങ്ക്, പള്ളി, അങ്ങനെ ജീവിക്കാൻ വേണ്ട എല്ലാമുള്ള ചെറുപട്ടണം. ശ്രീലങ്കയെ ഇന്ത്യ എന്ന കച്ചവട നഗരവുമായി ബന്ധിപ്പിക്കുന്ന ഏകവഴി. ചെന്നെ എഗ്മൂറിൽ നിന്നും വരുന്ന തീവണ്ടി, നിരവധി ആൾക്കാർ ഇറങ്ങാനും കയറാനും ഉണ്ട് ധനുഷ്കോടിയിൽ.

1964 ഡിസംബർ 24, ഒരു രാത്രിയും പകലും ഈ കൊച്ചു നഗരത്തെ അമ്മാനമാടിയ ദിനം!!! നിറയെ ആൾക്കാരുമായി വന്ന ഒരു പാസഞ്ചർ തീവണ്ടിയെ അപ്രതീക്ഷിതമായി കടൽ വിഴുങ്ങിയ ദിവസം. കച്ചവടത്തിനായി വന്നവരും ധനുഷ്കോടി കാണാൻ വന്നവരും എല്ലാവരും ഓർമ്മയായി. ഇന്ന് വെറും വെള്ളമണൽ നഗരം എന്ന് വിധിയെഴുതിയ ഇവിടം ഇപ്പോൾ അക്ഷരാർത്ഥത്തിൽ ഒരു പ്രേതനഗരം തന്നെയാണ്. ചിലപ്പോൾ അടുത്ത കൊടുങ്കാറ്റിനു മുന്നേയുള്ള ശാന്തതയാവാം...



ഒന്നാലോചിച്ചാൽ വലിയ ഉത്തരം ഒളിപ്പിച്ച ചോദ്യമാണ് ധനുഷ്കോടി. ഇപ്പോൾ എല്ലാ വികസന പദ്ധതി കളിൽ നിന്നും പുറത്താക്കപ്പെട്ട നഗരം. Abandoned town എന്ന് ഗൂഗിൾ നൽകിയ നാമം. ഇപ്പോൾ ഇവിടെ കെട്ടിട മില്ല, റെയിൽ പാലങ്ങളില്ല ഓടിനടക്കുന്ന തമിഴ് കുട്ടിക ളില്ല ആകെ ഉള്ളത്, മീൻ പിടിക്കാൻ പോകുന്ന കുറച്ച് മുക്കുവർമാത്രം. എവിടെ നോക്കിയാലും മണലിൽ നീണ്ടുകിടക്കുന്ന ചക്രത്തിന്റെ അടയാളങ്ങൾ, ആരൊ ക്കെയോ മുന്നേപോയിട്ടുണ്ട് എന്നതിന്റെ ഓർമ്മപ്പെടു ത്തൽ.

യാത്രയെ പ്രണയിക്കുന്നവരോട്, അല്ലെങ്കിൽ ഓരോ നിമിഷവും പുതിയ ഏത് സ്ഥലം പോകാൻ ഉണ്ട് എന്ന് അന്വേഷിക്കുന്നവരോട് ധനുഷ്കോടിയെപ്പറ്റി വിവരി ക്കേണ്ട ആവശ്യമില്ലെന്ന് തോന്നുന്നു. ഒരുപാട് യാത്രാ വിവരണങ്ങളിലൂടെ ഇനിയും ഇവിടം കാണാത്തവർക്ക് അല്ലെങ്കിൽ പോകാത്തവർക്ക് അത് കാണാപ്പാഠമാ ക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുന്നേ യാണ് ആദ്യമായി ധനുഷ്കോടിയിൽ പോകുന്നത്. മിനിബസ്സിന്റെ എൻജിന്റെ മുകളിലും, ഫോർവീൽ ജീപ്പിന്റെ ബാക്കിലെ കമ്പിയിൽ തൂങ്ങിയും മണ ലിലൂടെയും കടലിലൂടെയുമുള്ള യാത്ര. അവിടെ നിന്നും രണ്ടുകടലുകൾ സംഗമിക്കുന്ന അരിച്ചാൽ മുന എന്ന മുനമ്പിലേക്കും. ചുറ്റും കാണുന്ന വളരെ കുറച്ചു സന്ദർശകരിൽ പലരും പോയേതീരൂ എന്ന നിർബന്ധ ബുദ്ധിയാൽ മാത്രം എത്തിയവർ. ബാക്കിയെല്ലാം അവി ടുത്തെ ഗ്രാമീണർ. മീൻ മണക്കുന്ന കുട്ടകൾ, പരി സ്ഥിതി നാശം വരാത്ത കടലോരം...ഇക്കാലമത്രയും അത് അങ്ങനെതന്നെ ആയിരുന്നു, 2017 ജൂലൈ അവ സാനം വരെ. ധനുഷ്കോടിയും അരിച്ചാൽമുനയും ഇപ്പോൾ നാഷണൽഹൈവേയുടെ ഭാഗമാണ്. ചെന്നൈ ഐ. ഐ. ടി.യുടെ സഹായത്തോടെ നാഷണൽ ഹൈവേ അതോറിറ്റി മുകുന്ദരാമായാർ ഛത്രം മുതൽ അരിച്ചാൽ മുനമ്പ് വരെ ആരും കൊതിക്കുന്ന 9.5 കിലോമീറ്റർ നീളമുള്ള കണ്ണാടി പോലത്തെ റോഡ്. വേണ്ടി വന്നാൽ ഒരു വിമാനം വരെ ലാൻഡ് ചെയ്യിപ്പി ക്കാം. അതു പോലെ വളവില്ലാത്ത റൺവേ പോലെ യുള്ള റോഡ്. പഴയ ജീപ്പുടമകളും, മിനിബസ്സുടമകളു മൊഴിച്ചു അവിടുത്തെ ഗ്രാമീണർ സന്തോഷത്തിലാണ്. 1964 ഡിസംബർ 22ന് ചുഴലിക്കാറ്റെടുത്ത ആ പ്രതാപം അര നൂറ്റാണ്ടുകൾക്കിപ്പുറത്ത് ഇതാ തിരിച്ചുവരാൻ പോകുന്നു. സിലോണിലേക്കുള്ള (ഇന്നത്തെ ശ്രീലങ്ക) കടലെടുത്തുപോയ ആ തീവണ്ടിപാതയുടെ സ്ഥാനത്താണ് ഇന്നത്തെ നാഷണൽ ഹൈവേ യാഥാർത്ഥ്യമായത്. ഇനി ജീവിതം മാറും, കുറേ സഞ്ചാ രികൾ വരും, കടകൾ വരും, വരുമാനം വരും...

ധനുഷ്കോടി ഇനി പഴയ ധനുഷ്കോടി അല്ല, അവൾ ഇപ്പോൾ പരിഷ്ക്കാരിയാണ്. കാറും ബൈക്കും ഒക്കെ യഥേഷ്ടം ഓടിയെത്തുന്ന ധനുഷ്കോടി. ഗോസ്റ്റ് ടൗൺ എന്ന് എന്ന് പണ്ടാരോ വിളിച്ചതൊക്കെ നഷ്ടപ്പെ ടുന്ന രീതിയിൽ വിശ്വസിക്കുകയാണ് അവൾ. ഇരുവ ശവും കച്ചവടക്കാർ കയ്യടക്കി കഴിഞ്ഞിരിക്കുന്നു. രാമേ ശ്വരത്ത് വരുന്ന ബഹുഭൂരിപക്ഷം ആളുകളും ഇനി ഇവി ടേക്ക് ഒഴുകിയല്ല, പറന്നെത്തും. കന്യാകുമാരിയെ പ്പോലെ തമിഴ്നാട്ടിലെ മറ്റൊരു ടൂറിസ്റ്റ് അടയാളം ആവു കയാണിവിടം.

അന്ന് അമ്പത്തിമൂന്ന് വർഷം മുൻപ് ഒരു ഡിസംബറിൽ രാക്ഷസത്തിരമാലകൾ സംഹാരതാണ്ഡവമാടി ധനു ഷ്കോടിയെ വിഴുങ്ങിയതിന്റെ ബാക്കിപത്രമായി ഇന്ന വിടെ അവശേഷിക്കുന്നത് തകർന്ന പള്ളിയും സ്കൂളും സർക്കാർ ആശുപത്രിയും കടൽത്തീരത്തെ ശുദ്ധജലം നൽകുന്ന കിണറുമൊക്കെയാണ്. അത് കണ്ട ചിലർ ജീവിതത്തിന്റെ നിസ്സാരതയും നൈമിഷികതയും കുറി ച്ചോർത്ത് തത്വചിന്തകരായി; ചിലർക്കത് ജീപ്പിലും മിനി ബസ്സിലും ഉള്ള യാത്ര സാഹസിക സംതൃപ്തി നൽകി.

അവിടുത്തെ നാട്ടുകാർ പ്രേതഭൂമി കാണാൻ വരുന്ന വർക്ക് കാഴ്ചവസ്തുക്കളായി ലഘുഭക്ഷണങ്ങളും പവി ഴങ്ങളുമായി ഓലക്കുടിലിൽ കഴിയുന്നവരായി. അവ രിൽത്തന്നെ കുട്ടികളുമായി ധനുഷ്കോടിയുടെ പൊടിപ്പും തൊങ്ങലുകളും ചേർത്തു പറഞ്ഞു സ്വയം ''ടൂറിസ്റ്റ് ഗൈഡ്''ആയി വരുമാനം കണ്ടെത്തിയവരും.

**ഇത്തരം കാഴ്ച്ചകൾ ഇനി എത്രകാലം?**

ഇന്നലകളിലെ ഈ കാഴ്ച്ചകളിലേക്കുള്ള വികസന ത്തിന്റെ കറുത്ത പളപളപ്പുള്ള പരവതാനി ആകരുത് ഈ റോഡ്. കാത്തുസൂക്ഷിക്കണം ധനുഷ്കോടിയുടെ ഇന്നലെകൾ. എന്തൊക്കെയാണെങ്കിലും യാത്രകൾ നട ക്കട്ടെ. അതിനു പകരം വയ്ക്കാൻ വേറെ എന്തുണ്ട്?





# ചങ്ങലക്കണ്ണികൾ ചേരുമ്പോൾ !

കെസിയാമോൾ മാത്യു
First Year MSW

എല്ലാവരും കണ്ണികൾ പൊട്ടിയ
ചങ്ങലപ്പോലായി...
കുടിലുകൾക്കുള്ളിൽ കുടുങ്ങി
വിദൂരദർശനം മാത്രം സാധ്യം.

കാഴ്ച്ചകൾ ക്യാമറകണ്ണുകളിലൂടെ
പങ്കുവയ്ക്കലും പരിഭവവും
ഏറ്റുമുട്ടലും എല്ലാം
ഒടുക്കം ഒടുക്കത്തെ നടുക്കംമാത്രം
തനിച്ചായതിന്റെ നടുക്കം

കപ്പിലെ ചായ ആറിത്തണുക്കും വരെ
കാത്തിരിക്കുന്ന മനുഷ്യൻ
റിസൽട്ട് വരാൻ
കണ്ട് കൊതിതീരുംമുൻപേ
വിമാനത്തിൽ നിന്നും നേരേ
ഒറ്റമുറിയിലേക്ക്...
ആശങ്കകളും അനിശ്ചിതത്വങ്ങളും
പിന്നിടുന്ന കരാളദിനങ്ങൾ...
മനുഷ്യഗന്ധം... മനുഷ്യചിരി
വളരെ വിചിത്രം

ഒടുക്കം ഒത്തുകൂടി ചിലർ
പാഠപുസ്തകങ്ങൾക്കപ്പുറം
പാഠശാലയ്ക്കിപ്പുറം
ക്ലാസ്സ്മുറികൾ ശയനകേന്ദ്രങ്ങൾ
ആശ്വാസനിലയങ്ങൾ...
ഇവിടുണ്ടേ എന്ന് ഓർമിപ്പിക്കാൻ
ഫോൺ തലയ്ക്കൽ ചില
സുഖമുള്ള അപരിചിതശബ്ദം...

കൈയ്യുറകളും മാസ്കും
ധരിച്ച നേർത്ത ചിരിയു-
മായി ചില മുഖങ്ങൾ...
''ഞാൻ പോകാം''
''ഞാൻ ചെയ്യാം'' എന്ന് സന്നദ്ധരായ
പോരാളിക്കുട്ടികൾ,
ഒരു കൂട്ടം സമൂഹജീവികൾ മുന്നിട്ടിറങ്ങി...
പിന്നീട് കോളുകൾ
നിലച്ചില്ല.
സഹായ ഹസ്തങ്ങൾ
ചുരുങ്ങിയില്ല
ഇടങ്ങൾ, മുറികൾ
തുറക്കപ്പെടാതെയിരുന്നില്ല.
ശരീരമെത്താൻ വിലക്കേർപ്പെടുത്തിയ
കൊറോണയുടെ ചങ്ങലകളെ
സുമനസ്സുകളുടെ ചടുലനടപടികൾ
സ്നേഹസ്വാന്തന വിളികൾ
അഭേദ്യം ഭേദിച്ചെത്തി...
ഇവിടെ മനുഷ്യരാശി വിജയിക്കട്ടെ.
മനുഷ്യത്വം നിലനിൽക്കട്ടെ
എന്ന പ്രാർത്ഥനയോടെ
ഇപ്പോഴും അശ്രാന്തം
ഓടുകയാണീ പിള്ളേർ.
വേർപെട്ട ചങ്ങലക്കണ്ണികളെ
വീണ്ടും വിളക്കിച്ചേർക്കാൻ...!

# പുറത്തല്ല

നബിൻ കെ.എസ്.
Second Year MA Sociology



തോന്നുന്നിടത്ത് നിന്ന് തുടങ്ങുക
നിന്നിടത്ത് തന്നെ നിന്നാൽ
നീ അറിയാതെ പിന്നിലാകുന്നു.

പിന്നിലാകുന്നിടത്ത് നിന്ന്
മുന്നിലേക്ക് വരാൻ ഒന്ന് മാത്രം മതിയത്രെ
ഞാൻ പിന്നിലാണെന്ന തിരിച്ചറിവ്.

# പ്രതീക്ഷ



സിനിദാസ് സി.പി.
First Year MSW

മരണം വാതിൽക്കൽ മുട്ടുമ്പോൾ
ഇടനാഴിയിലൂടെ ഓടി അടുത്ത
പ്രതീക്ഷ എന്നെ നിറകണ്ണുകളാൽ
പുണർന്നുകൊണ്ട് ചോദിക്കയായി...
വിട്ടുപോകുന്നതിനു മുൻപായി
നിന്നിലെ പ്രതീക്ഷയോട് ഒരു
കനിവ് കാട്ടിക്കൂടെ...
കൂടെ നിന്ന് നേടിയെടുത്തൂടെ... ഈ
എന്നെ ... ഇത് നിനക്ക് മാത്രമുള്ളതാണ്...
വാതിൽ തുറക്കാൻ
ആ വാക്കുകൾ അവളെ തടഞ്ഞു...
അവൾ തന്റെ പ്രതീക്ഷയുമായി
തിരികെ നടന്നു...
പുതിയ ജീവിതം പടുത്തുയർത്താൻ.....

# Nightfall



**A Bond Built From Blood Sweat & Oil**
**Each Burst Of Gasoline Was A Bliss**
**Wiped Those Sparkling Tears**
**With Those Gust Of Winds Down The Road**
**One Thing In Life That I Admire**
**Being There For Me, When I'm Done**
**Always Been A Nightmare**
**Trying To Humiliate Me, When You're Jealous**
**One Day You Might Kill Me**
**But Remember That I Will Be Smiling**
**Coz It's Me That Pushed You**

Rahul A.
Second Year MAHRM

# Am I my sex or my gender?

**Dinu Mol Varkey**
First Year MSW

We are living in a kind of society where we are often forced to ask ourselves this question. Is there a correct way to answer this? Is there an easy way to answer this? How long will we have to answer this? Well, the answer to this question will vary depending on whom the finger is being pointed at and who is pointing that finger. The frequency at which this question is surfaced is, to some extent, based on the fact that some of us don't realize the difference between sex and gender. This distinction is as vivid as the one existing between disciplines of natural sciences and social sciences.



The sex of an individual is what the biological characteristics point at, while gender is how an individual wishes to be identified. Gender of a person is beyond the biological characteristics. It is intrinsic as it's based on how an individual feels from within and hence, personal in nature. The identification of the sex of an individual takes place immediately at the time of birth while identifying one's gender takes time; it's more like a process where the individual tries to find who he/she is. One cannot be understood without the other. Both gender and sex can only be relatively understood with respect to each other. The gender identity of a person is a reflection of self and also it plays a major role in determining the sexuality or sexual orientation of an individual.

Living in any society is a cakewalk if we come under the society's version of "normal." But if we fall beyond the normalized boundaries set by the society, then the problem arises. In case of gender and gender identity there exists society's version of normal, natural or accepted which in turn is time and space bound. Trying to answer the question under focus becomes easier, if a person falls under the normal category within the society at the same time the frequency at which the question is asked is less; but, on the other hand, if we fall outside the normal or accepted understanding of the society, then answering the same question becomes a relentlessly painful and a recurring task. Thus, the ease of answering the question depends on whether an individual lies within or beyond the threshold of society's version of normal.

In a society where the accepted or the normal gender identity mirrors the sex of an individual (i.e. cisgender) then answering the "who are you" ques-

tion becomes easier to any individual who resonates with the same; on the other hand, if an individual does not resonate with the same, then answering the very same question feels like a battle, which has to be fought just so his/her voice could be heard. In the context of India, that is what the transgender communities went through and are still going through. Their loud voices were finally heard when the Supreme Court passed the 2014 judgment, recognizing them as the "third gender" realizing the fundamental rights they were denied of and the discrimination faced by them over time. In the light of the same, the Transgender Protection Act, 2019 was passed in order to make sure that these voices never go unheard. This Act provisions an individual in the transgender community to get a gender identity certificate, provided the proof of the sex reassignment surgery is produced in front of the District Magistrate. In simple words an individual will not be allowed to be identified as a transgender until he/she goes through a coercive sex reassignment surgery and becomes one among the normal sexes. This reality shows that although their voices were heard, it was comprehended in a way it was acceptable to the one perceiving it.

Coming to the concern of how long the question will have to be answered, well, until "they" like what "they" hear. To an individual who clings to his own understanding of self has a tough road ahead, given the present political climate in India. The discourse India is on at present, leaves no room for disagreement let alone the liberty to define oneself and exercise it freely? The democracy in India is itself under attack as the laws are implemented surpassing the very core values of democracy itself. Thus, an individual who identifies himself/herself beyond the thinning framework of those who are running our nation will be put on stand. They will be forced to answer recurring questions repeatedly unless the correct way to answer these questions will be learned. And the correct way to answer is what "they" want to hear i.e. how one's understanding of self must mirror the popular understanding.

What does the self of an individual comprise of? The answer to this question cannot be confined or reduced to a few words. For an individual, to reach an understanding of self is a journey in itself. The end of this journey is marked with a self-identified version of self. When this journey begins and ends is completely up-to an individual. The gender identity of an individual is as important as his/her sex. The "who am I" question if asked within the framework of sex or gender then the self is more reflected in the gender of a person. This does not mean the sex of an individual does not play a part in it. The significance that gender carries comes into light when it is understood in contrast with the biological sex. But the "self "of an individual is a reality that is stretched among many dimensions, where gender is only a part of it. As per Mead, a very prominent American Sociologist, the self of an individual comprises "I" and "ME"; where ME is the social self and I is the response to ME. In other words the "I" is the response of an individual to the attitudes of others, while the "me" is the organized set of attitudes of others which an individual assumes. The concept of self as per Mead is an emerging process, where the understanding of self is reached slowly stage by stage. On the other hand, Goffman, a Canadian-American sociologist, compared every individual to an actor on stage. As an actor there are two dimensions to an individual i.e. the acting self and the rehearsing self. An individual rehearses the impression management in order to present himself/herself in front of others. In the eyes of Goffman, an individual lives out a script in order to manage and regulate the impression of others.

The definition of self is a laborious task in itself. Those people who do not wish to be confined under any label, well, to them this definition of self can never be completed. However, the answer to any question is possible if the liberty to express oneself exists along with freedom to disagree with the popular understanding. This very liberty to express and exercise self and providing a room for disagreement, must be present in our education system. But the fact of the matter is, instead of promoting free expression we are taught to join the flow of popular understanding. This can be seen very prominently in the state of Kerala in the form of moral policing. The teachers and institution heads play a major role in the same, even social science institutions are no exception. The gap that lies between what is taught and what is practiced is huge. This gap has to be eradicated, and all the educational institutions must function to regain the soul of the education itself.

# പേറ്

വർഷ കെ.എം.
First Year MSW

ഉള്ളിൽ കുരുത്ത നാൾതൊട്ട്
സ്നേഹവും ആധിയും അസ്വസ്ഥതയും
കരുതലോടെ പുണർന്നും കൊതിച്ചും
പ്രാർത്ഥിച്ചും പ്രതീക്ഷിച്ചും
ഉള്ളിലെ പുതുജീവനിൽ മുഴുകി,
ചലനങ്ങളിൽ ആനന്ദിച്ചും
നിശ്ചലനിമിഷങ്ങളിൽ വിറളിപൂണ്ടും
വളർച്ചയ്ക്കായി പ്രതീക്ഷയോടെ
കാത്തിരുന്നു.
മാസം തികയാത്ത പേറും
വൈകല്യവും നിരന്തരം അലട്ടി.
അമ്മയുടെ കണ്ണോ?
അച്ഛന്റെ ചിരിയോ?
ചാപിള്ള ആവല്ലേ ദേവ്യേ!
ജീവനും ചോരയും ഊറ്റിക്കുടിച്ചുള്ള
വളർച്ചയിൽ നിർവൃതി പൂണ്ടു.
മാസം തികഞ്ഞു
പേറെടുത്തു
പേറ്റുനോവാൽ പുളഞ്ഞു
കരഞ്ഞു തളർന്നു
രണ്ടു ജീവനും വേർതിരിഞ്ഞു
അടക്കം പറച്ചിലുകൾ ഉയർന്നു
“നിന്റെ നേർപാതി”
“നല്ലത്”
“നന്നാക്കാം”
പിടിച്ചില്ല പോലും!!
എങ്കിലും എനിക്ക് നന്നേ ബോധിച്ചു!
ഓരോ എഴുത്തും ഓരു പ്രസവമത്രെ!
എഴുത്തുക്കാരുടെ പേനത്തുമ്പിലെ പ്രസവം!





അൻസു ജേക്കബ്
First Year MAHRM

# പച്ച

പങ്കുവയ്ക്കാതെ പോയ
ആശ്ലേഷങ്ങൾ
ചുംബനങ്ങൾ
ഒപ്പിയെടുക്കാൻ പറ്റാതെ
പോയ കണ്ണീർ കണങ്ങൾ
ഇതിനൊക്കെ ഒരു മടങ്ങിവരവ്.
ഉരുണ്ട് നീങ്ങുന്ന
കാലചക്രത്തിനൊടുവിൽ
ഇതു രണ്ടായിരത്തിയിരുപതിലെ
വസൂരിയാകുമായിരിക്കാം.
പാതയിരുണ്ടതിലധികം
ഘോരവനങ്ങൾക്കപ്പുറം
നീണ്ടുനിവർന്ന പുള്ളിക്കുത്തിടാത്ത
മൂടുപടമിടാത്ത മാറ്റിനിർത്തരുതാത്ത
ഒരു കാലമുണ്ടാവുമത്ര
ജീവിച്ചിരിക്കുക എന്നത് തന്നെയാണ്
വലിയ കാര്യം.
അതെ, പച്ചകെടാതെ ജീവിക്കാം.

മരീന സിബി
Second Year MA Sociology

# തനീമയ



സ്വന്തമെന്ന് കരുതി ഹൃദയത്തോടു ചേർത്തു നിർത്തിയവർ ജീവിതവഴിയിൽ അവരുടെ കാര്യങ്ങളിൽ മറന്നിട്ടേച്ചുപോയപ്പോൾ, മറുതലിച്ചു പറയാൻ ഒരു ഹൃദയമോ തേങ്ങി കരയുമ്പോൾ താങ്ങാൻ ഒരു തോളോ ഇല്ലെന്ന തിരിച്ചറിവ് മനസ്സിൽ ഒരു വെള്ളിടി പായിച്ചു. ആ തിരിച്ചറിവിന്റെ അഗ്നി അതിക്രൂരമായി മനസ്സിൽ പൊള്ളൽ ഏൽപ്പിച്ചപ്പോൾ അലിവ് തോന്നിയ നയനങ്ങൾ, തണുക്കാനായി കവിൾത്തടങ്ങളിലൂടെ ധാരയായി കണ്ണുനീർ ഒഴുക്കി. തല ചായിച്ച തലയണ കുതിർന്നു എന്നു ബോധ്യമായപ്പോൾ എഴുന്നേറ്റ് ജനാല മറച്ചിരുന്ന കർട്ടൻവിരി മാറ്റി പുറത്തെ കാഴ്ചകളിൽ മനസ്സ് ഏകാഗ്രമാക്കി, തെല്ല് ഒരു സമാധാനത്തിനായി. സൂര്യരശ്മികളിൽ കുളിച്ച ഒരു ഇളംകാറ്റ് ഒരു കുളിർ പടർത്തി തലോടി. മുഖത്ത് അലസമായി കിടന്ന മുടിയിഴകൾക്ക് ജീവൻ നൽകി. അവയുടെ നൃത്തത്തിൽ മനസ്സ് ആനന്ദം കണ്ടെത്താൻ തുടങ്ങിയപ്പോളാണ് ഭീമാകാരമായ ശരീരവും ഒത്ത കൈകളുമുള്ള പുളിമരത്തിൽ ദൃഷ്ടി പതിഞ്ഞത്. പുളിമരം എന്തോ മന്ത്രിക്കുന്നുണ്ടായിരുന്നു.

പറമ്പിന്റെ രണ്ടു കോണിൽ നിന്നിരുന്ന പ്ലാവും കപ്പളവും കാറ്റിന്റെ ഭാഷയിൽ എന്തോ മറുപടി പറഞ്ഞു പുഞ്ചിരിച്ചു ജാലകത്തിന് അരികിൽ നിന്നിരുന്ന തെങ്ങിൻ ഓല വന്ന് കൈവിരലുകളിൽ തൊട്ടു തലോടിയപ്പോഴാണ് അവർ പറഞ്ഞത് എന്തെന്ന് മനസ്സിലായത്.

ഇവരും ജീവിതത്തിൽ എന്നോ തനിച്ചായവരാണ്, ഒറ്റപ്പെടലിന്റെ നൊമ്പരം ഏറിയവരാണ്. ആ ഒറ്റപ്പെടൽ അവർക്ക് ഒരനുഭവം നൽകി. കൂടെയായിരുന്നവരിൽ മാത്രം ഒതുങ്ങിപ്പോയിരുന്ന അവരുടെ ദൃഷ്ടി, അവർ ആരും കൊതിക്കുന്ന മേഘങ്ങളിലേക്ക് ഉയർത്തി. ഭൂമിയിൽ കൂട്ടംക്കൂടി ആർത്തുല്ലസിക്കുന്ന പുൽനാമ്പുകൾക്കോ തുളസിക്കതിരുകൾക്കോ അനുഭവിക്കാൻ ഭാഗ്യം ലഭിച്ചിട്ടില്ലാത്ത 'സുഖം' അവർ അറിഞ്ഞു. കാരണം അവയൊന്നും ആകാശത്തോളം ഉയർന്നിട്ടില്ല, അവയൊന്നും മരങ്ങളായിട്ടില്ല! തലയുയർത്തി 'ഞാൻ' നോക്കി. നീലാകാശം എന്നോടെന്നായി പുഞ്ചിരി തൂകി. ചുണ്ടിൽ വിരിഞ്ഞ മന്ദഹാസം കടിച്ചമർത്താൻ ഞാൻ ശ്രമിച്ചതുമില്ല. തനിച്ചായതിന്റെ സുഖം.

# Lessons *from* yonder

MARIA TERES SEBASTIAN
Second Year MSW

There is something about the sight of a leafless tree that communicates a deep sense of courage and resilience. In the midst of so much green and yellow and red, the greyish brown frame of this loner sometimes becomes a mighty statement. Against the bluish vastness of the sky beyond, the skimpy skeleton of those branches proclaim so much of beauty.

It was in O. Henry's The Last Leaf (the very first English short story that I happened to come across in childhood) that I first received a glimpse of this beauty. I remember picturising that last one painted leaf clinging on to the branch, and giving life to a lost hope. Looking back, I can recall a fascination with drawing leafless tress in my early teenage years. Falling leaves have always been a hearty scene I've lost myself in, once even taking up close to 15 minutes of my university exam.

But what really is it that draws me to that naked structure so strongly?

The nakedness itself is one striking feature; a bold statement that you have nothing to hide from anyone. Sans the protection of the foliage, you reveal to the world, all your ridges, bumps, curves, wounds… without fear of judgment or ridicule. There is an open challenge to the wind and rain to try attacking; a firm belief in own strength and beauty that doesn't seek outside approval.

Then there is the beauty of letting go. Those bare branches are testimony to a pure love that doesn't insist on the leaves to hold on and stay back. It takes so much courage to let go of those, who sprouted out of those very same branches, without complaints or regrets. If only one watches long enough, the goodbye in itself is a sight to behold. Some leave abruptly, some stay on for adieu, some are too reluctant to leave that they stay on as long as they can. But you let them all go with the same love and patience, no difference between the ones that loved less and more; making sure that each leaf has a smooth journey down along those intertwining branches.

And then, there is the potential of a lovely surprise you hold within. This ghost of a tree, seemingly dry and impotent, after the first tiny showers, put forth little green buds that cover those thirsty branches too quickly. Those companions whom you let go, to conserve the spring of life within you, left a part of them within your soul, to let you enjoy another spring!





# കർക്കിടക പാച്ചിൽ

ഗ്രീഷ്മ ജോൺസൻ
Second Year MAHRM

എന്തിത്രവൈകിയെൻ ഋതുവേ ഇങ്ങെത്തിച്ചേരുവാൻ
കുതിച്ചെത്തുന്നു നിൻ മിന്നൽപ്പിണരുകൾക്കഹംഭാവമോ
നടുക്കമുണർത്തീടും ഇടിനാദമോ
കാലവർഷപെയ്ത്തിൻ അകമ്പടിയോ
നിന്നെ എതിരേൽക്കുവാൻ

എന്തിത്ര തിടുക്കം നിൻ നീർപ്പാച്ചിലിൽ
കർക്കിടക നനവേറ്റുവോ നിൻമേനിയിൽ
കലങ്ങിനിറഞ്ഞുവോ നിൻ നീരോട്ടം
പേരുചൊല്ലി വിളിപ്പൂനിന്നെ പെരിയാറെന്നോ
നിൻ ഒഴുക്കിൻതാളമോ എൻ ഓർമ്മകളെ തലോടിടും
എൻ പുതപ്പിൻ ചുരുളുകൾക്കുള്ളിൽ ഒന്നിപ്പൂനീയാം സ്മൃതി

എരിഞ്ഞുപുകഞ്ഞമരുന്നുവോ ചിമ്മിനികൾ അങ്ങിങ്ങും
അടുപ്പിൻ ചൂടിൽ തിളച്ചമർന്നിതാ
കർക്കിടകകഞ്ഞിതൻ ഒരുക്കച്ചമയങ്ങൾ
ദരിദ്രകാലമെന്നോതീടും ഏവനും
ആരോഗ്യമോ വീണ്ടെടുപ്പുമീ കാലഗതി

കർക്കിടകവാവേ നോക്കിനിൽപ്പൂ
പിതൃസ്മരണയിൽ ബലിതർപ്പണം ചെയ്കിൽ
ഭീതിപടർത്തുന്നുവോ ഇന്നിന്റെ പ്രകൃതി കേളികൾ
വന്നെത്തിനിൽക്കുന്നുവോ പ്രളയമാം അസ്ത്രം
ക്രിയതൻ ഫലം ഓർമ്മിപ്പൂയീ മഹാമാരിതൻ കോലാഹലങ്ങൾ

ജനപാലകരോ പ്രഘോഷിപ്പിൻ, മതമേ ഏന്തീടുകിൽ
ഈശ്വരനോ വസിപ്പൂനിൻ അന്തരംഗം ചൊൽകിൽ
പ്രാണനേ ചേർത്തുപ്പിടിച്ചിതാ മാനവർ ഉല്ലസിപ്പിൻ
കാത്തിരിപ്പൂചിങ്ങപ്പുലരിതൻ വെള്ളിവെളിച്ചം
സമ്പൽസമൃദ്ധിയോ വീണ്ടെടുക്കീടുകിൽ
പൊന്നോണോർമ്മയിൽ മയങ്ങീടുകിൽ...



# 'PROBATION IS A MODERN METHOD OF IMPRISONMENT'

ROY DAVID
PGDCP

***'All criminals should be treated as patients and the jails should be hospitals admitting this class of patients for treatment and cure. No one commits crime for the fun of it. It is a sign of a diseased mind. The causes of particular disease should be investigated and removed" – Gandhiji.***

***"If you are going to punish a man retributively, you must injure him. If you are to reform him, you must improve him. And men are not improved by injuries" - George Bernad Shaw.***

Correctional settings are one of the major areas of professional social work to ensure professional assistance to correct behaviour of individuals. We have both institutional and non institutional based treatment methods. Jail/Prison is an institutional based correctional centre; probation is a non institutional correctional method. The word probation is derived from the Latin word 'Probare' or 'Probatum' which means ''the Act of Proving / Testing.''

Probation is an alternative to imprisonment which allows a convicted defendant to go free with a suspended sentence for a specified duration on executing a bond with or without sureties for maintaining good behaviour and keeping peace. In other words probation is a temporary cessation of sentence to allow the convicted prisoners to live with his/her family and make them a good human being by awarding supervision and proper intervention of the Probation officer. Except for serious offences like Rape, Murder, UAP/Anti-Social Activities, Narcotic Drugs & Psychotropic Substance Act, Imprisonment for Life, Imprisonment for Death etc, all other cases have to be considered for probation. While considering cases for probation, the court will verify the situation, reason and intention of the crime, and the character and antecedents of the offender.

The ultimate aim of probation is to ensure re-socialisation, reintegration and reformation of the offenders. Correctional centres are providing institution based treatment to the offenders and the convicted prisoners. Routine is the key tool to ensure the reformation of the convicted prisoners. But in the Probation System the reformation takes place in the society, by the supervision and active intervention of probation officers.

Probation is a universally accepted, effectively tried, widely practiced non-institutional method used by Judiciary at their discretion to treat and rehabilitate a variety of offenders, especially young offenders, without sending them to prison. Probation has been considered an integral part of the contemporary punishment system since 1841 (U.S.A). The first probation law was passed in Massachusetts in1878. In India probation was legalized in 1898 by introducing it in Cr. PC (S.562) which was subsequently modified in 1923. In 1930 GoI introduced an all India Probation Bill and circulated it to all Provincial Governments. In 1936 Madras State passed the first Madras Probation of offenders Act 1936. In 1952 Dr. W.C. Reckless recommended probation as the most satisfying and economical alternative to imprisonment. The Probation of Offenders Act, 1958 was enacted at the insistence of All India Jail Manual Committee (1957). The entire Probation system is working in India based on the Probation of Offenders Act 1958 which was enacted by Parliament in the ninth year of the Republic of India. It came to effect on 16th May 1958.

Probation has been found advantageous in many ways; it helps in preventing congestions in prisons, stalling the mixing up of hardened criminals and young, petty and first time offenders, providing opportunity for reform to all kinds of offenders, getting immediate contribution to the total national income from the offender through his purposeful work in socially approved pursuits suited to his age, preventing further offences from happening and most importantly from a social work perspective, to avoid the social stigma attached to conviction, avoiding disqualification for education and employment.

Recent studies show that among Indian State, Kerala is giving more importance to the probation system by the implementation of NERVAZHI project which modernised and strengthened the entire probation system. At present more than 200 offenders are under the supervision of probation officers in the state. The mission of the NERVAZHI Project is to reduce recidivism and build crime free society; the financially backward probationers who have successfully completed their supervision period will get financial aid for self-employment. This is more relevant as considering the fact that youngsters constitute a large percentage of inmates in all prisons within the state.



# ഹോസ്റ്റൽ ഓർമ്മകൾ

അന്ന ജോർജ്ജ്
Second Year MSW

ലൊയോള കോളേജിനോടൊപ്പം കേട്ടുതുടങ്ങിയതാണ് അവിടുത്തെ ലേഡീസ് ഹോസ്റ്റലിനെക്കുറിച്ചും. സാധാരണ കെട്ടിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ലാറി ബേക്കർ ഉണ്ടാക്കിയ ആ നിർമ്മിതി എന്നിൽ ഒരുപാട് കൗതുകം ഉണർത്തിയിട്ടുണ്ട്. വീട്ടിൽ നിന്നും ഇതുവരെ മാറിനിൽക്കാത്ത എന്നെ, ഹോസ്റ്റൽ ജീവിതത്തിലെ രസകരമായ കാര്യങ്ങൾ പറഞ്ഞുതന്ന് തയ്യാറെടുപ്പിച്ചത് പ്രിയപ്പെട്ട സൗമ്യമിസ്സും രമ്യചേച്ചിയുമാണ്.

അഡ്മിഷൻ എടുത്തതിനുശേഷം അപ്പയും അമ്മയും പോയിക്കഴഞ്ഞ് എനിക്കുകിട്ടിയ ഹോസ്റ്റൽ മുറിയിൽ കരഞ്ഞുകൊണ്ടിരുന്നപ്പോൾ ആശ്വസിപ്പിക്കാൻ വന്നത് റൂംമേറ്റ് ആയിരുന്ന തെരേസ് മിസ്സ് ആയിരുന്നു. അന്നുതുടങ്ങിയതാണ് ഹോസ്റ്റലിലെ മറക്കാനാവാത്ത അനുഭവങ്ങൾ. ഒത്തിരി ആഗ്രഹിച്ചും കഷ്ടപ്പെട്ടും ലൊയോളയിൽ അഡ്മിഷൻ കിട്ടിയിട്ടും കോളേജുമായി പൊരുത്തപ്പെടാൻ ഞാൻ കുറേ സമയം എടുത്തു. ഹോസ്റ്റലിലെ രാത്രി സംസാരങ്ങൾ അതിന് എന്നെ വലിയ രീതിയിൽ സഹായിച്ചിട്ടുണ്ട് .

ഏത് കാര്യത്തിനും ഓടിച്ചെല്ലാവുന്ന ചേച്ചിമാർ. കൂടെ നിൽക്കുന്ന കൂട്ടുകാർ, വൈകി എത്തിയ അനിയത്തിമാർ... അങ്ങനെ, മറ്റൊരു ബന്ധുവലയം തീർക്കാൻ ഹോസ്റ്റൽ എന്നെ സഹായിച്ചു. രാത്രി വൈകിയുള്ള സംസാരവും ജന്മദിനാഘോഷങ്ങളും വേനൽകാലത്ത് സെന്റ് ജോസഫ് സ്ക്വയറിൽ എല്ലാവരും കൂട്ടുവന്ന് കിടക്കുന്നതും മറ്റും മനസ്സിൽ ചിരി ഉണർത്തുന്ന ഓർമ്മകളാണ്. എന്തിനും ഏതിനും പ്രിയ ലീമാമ്മയും റോസി സിസ്റ്ററും സാബു അച്ചനും ഞങ്ങൾക്ക് ഒപ്പമുണ്ടായിരുന്നു.

കോവിഡ് മഹാമാരിമൂലം വല്ലാത്തൊരു യാത്രപറച്ചിലാണ് ഞങ്ങളുടെ ബാച്ചിന് നേരിടേണ്ടി വന്നത്. ഹോസ്റ്റലിൽ താമസിച്ച് കൊതിതീർന്നിട്ടില്ലായിരുന്നു. എന്നാലും ഈ ദുരിതകാലം നമ്മൾ ഒരുമിച്ച് നേരിടുമെന്നും വീണ്ടുമൊരു ഒത്തുകൂടൽ ലൊയോളയിൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. അതിനായിട്ടുള്ള കാത്തിരിപ്പിലാണ് ഞങ്ങൾ.




# ഓർമ്മകൾക്കെന്തു സുഗന്ധം...

റ്റിസൺ തോമസ്
Second Year MSW

മരച്ചില്ലകളിൽ നിന്നു പച്ച ഇലകൾ പൊഴിയുന്നത് പലപ്പോഴും അതിന്റെ ആഗ്രഹം കൊണ്ടു മാത്രമായിരിക്കില്ല. അതിൽ പലതും കൊഴിയാൻ നിർബന്ധിതരാവുന്നു. ഹോസ്റ്റൽ ജീവിതവും ഇതുപോലെ തന്നെയാണ്.വൃക്ഷത്തിലെ നിരവധി ശാഖകൾ പോലെ വ്യത്യസ്തതകളോടു കൂടിയ ആളുകൾ ഒരു കൂടാരത്തിനുള്ളിൽ വസിക്കുന്നയിടം. സൗഹൃദത്തിന്റെ പച്ചപ്പിനെ ആസ്വദിച്ചു തുടങ്ങുമ്പോൾ തന്നെ കൊഴിയാൻ നിർബന്ധിതരാകുന്ന കുറെ ജീവിതങ്ങൾ.എല്ലാ ഹോസ്റ്റൽ ചുമരുകൾക്കും പറയാനുണ്ടാകും ഇത്തരത്തിലുള്ള ഒരുപാടു കഥകൾ.

ലെയോള മെൻസ് ഹോസ്റ്റലിലെ ജീവിതവും ഇതിൽ നിന്നു വ്യത്യസ്തമല്ലായിരുന്നു. തളിരണിഞ്ഞു നിന്നിരുന്ന ഒന്നര വർഷക്കാലത്തെ ജീവിതം പച്ചപ്പിന്റെ പൂർണ്ണതയിലെത്തിക്കുവാൻ കൊറോണ അനുവദിച്ചില്ലെങ്കിലും ഹൃദയത്തിന്റെ ചില്ലുകൂട്ടിലിട്ടു വെയ്ക്കുവാൻ മാത്രം അനുഭവങ്ങൾ ഈ ഹ്രസ്വകാലത്തിനുള്ളിൽ ലഭിച്ചിട്ടുണ്ട്. അനേകം ദേശങ്ങളിൽ നിന്ന് ഒരുപാടു സ്വപ്നങ്ങളുമായി ലയോളയുടെ മണ്ണിൽ കാലുകുത്തിയവരിൽ ചിലർ ഒരേ ആകാശത്തിനു കീഴിൽ അന്തിയുറങ്ങിയപ്പോൾ ഒരേ മനസ്സിലേയ്ക്കുള്ള ചുവടുവെയ്പ്പുകൂടിയായി അതു മാറി.ഇണക്കവും പിണക്കവും ഫീൽഡു വർക്കുകളുടെ പെരുമഴയും പഠനവുമൊക്കെയായി കഴിഞ്ഞ നാളുകൾ.ഈ ചെറിയ ജീവിതത്തിലെ പ്രിയപ്പെട്ട ഇടമായി മാറാൻ ഈ ഹോസ്റ്റലിനു സാധിച്ചതിനു കാരണങ്ങൾ നിരവധിയാണ്.

ഒറ്റക്കൊരു റൂമിൽ ഏകാന്തതയുടെ ദ്വീപിലെ രാജാവായി വാഴുമ്പോഴും ഒറ്റപ്പെടലിന്റെ തുരുത്തിൽ അകപ്പെടാതിരിക്കാൻ സുഹൃത്തുക്കൾ ശ്രമിച്ചിട്ടുണ്ട്. സായാഹ്നങ്ങളിൽ അസ്തമയ സൂര്യനോടൊപ്പം സ്റ്റോൺ ബെഞ്ചിലിരുന്നുള്ള കുശലം പറച്ചിലും ഗോസിപ്പുകളും എന്നും ഓർമ്മകളിൽ വിടർന്നു നില്ക്കും. സിക്സ് പാക് മോഹത്തോടെയുള്ള ജിമ്മിൽ പോകലും പൊടി പാറുന്ന ക്രിക്കറ്റ് മത്സരങ്ങളും വോളിബോളും ബാഡ്മിന്റെനുമെല്ലാം അവിടുത്തെ ജീവിതത്തിന്റെ ആസ്വാദ്യത വർദ്ധിപ്പിച്ചു. വളരെ ഗൗരവമുള്ള പഠനത്തിനു സമയക്രമം തയ്യാറാക്കി ഒത്തുചേർന്ന് ഒടുവിൽ രാഷ്ട്രീയവും കായികവും സിനിമയുമൊക്കെ ചർച്ച ചെയ്ത് നല്ല കടുപ്പത്തിൽ കടുംകാപ്പിയും കുടിച്ച് പിരിഞ്ഞ രാത്രികൾ നിരവധി. പഠനവും ഫീൽഡുവർക്കുകളുമൊന്നും നടന്നില്ലെങ്കിലും സ്ഥിരം ബാഡ്മിന്റെൻ പഥ്യമുള്ള കൂട്ടുകാരുടെ ആത്മാർത്ഥതയും വൈകി എഴുന്നേറ്റ് കൃത്യസമയം കോളേജിൽ എത്താൻ പെടുന്ന പെടാപാടുകളും പോകാതിരിക്കാനുള്ള കള്ളപ്പനികളും കളിയാക്കലുമെല്ലാം ചിരിയുണർത്തുന്ന സ്മരണകളായി അവശേഷിക്കും. പ്രകൃതിസൗന്ദര്യവും ശാന്തതയും ആവശ്യത്തിൽ കൂടുതൽ ഫ്രീഡവുമുള്ള ഞങ്ങളുടെ ഹോസ്റ്റലിലെ ജീവിതം അസൂയയോടെ നോക്കിയിരുന്ന ലേഡീസ് ഹോസ്റ്റലിലെ സുഹൃത്തുക്കളും അവരുടെ മുന്നിൽ അല്പം അഹങ്കാരത്തോടെ നർമ്മമധുരമായി ഇടപെട്ടിരുന്ന സാഹചര്യവുമൊക്കെ മറക്കാനാവില്ല. ഇടയ്ക്കിടയ്ക്ക് തീയേറ്ററിൽ പോയുള്ള സിനിമാകാണലും തട്ടുകടയിലെ ഭക്ഷണം കഴിക്കലും രാത്രി 11 നു ഗേറ്റ് അടയ്ക്കുന്നതിനു മുമ്പ് ക്യാംപസ്സിൽ കയറാനുള്ള ഓട്ടവുമെല്ലാം മറ്റൊരോർമ്മ. മഴ നനഞ്ഞുള്ള കളികളും വരിക്ക ചക്കയുടെ മധുരം നുണയലും സാബു അച്ചന്റെയും സജി അച്ചന്റെയും നേതൃത്ത്വത്തിലുള്ള ഹോസ്റ്റൽ മീറ്റിങ്ങുകളിലെ ആഘോഷവും കാന്റീനിൽ നിന്നുള്ള ഭക്ഷണം കഴിക്കലുമെല്ലാം കൂടുതൽ മിഴിവേകി.

പുതിയ അറിവുകളും അനുഭൂതികളും സ്വപ്നങ്ങളുമായി ഞങ്ങൾ പടിയിറങ്ങുമ്പോൾ ഇണക്കത്തിന്റെയും പിണക്കത്തിന്റെയും സൗഹൃദത്തിന്റെയും സ്വകാര്യതകളുടെയും സ്പന്ദനങ്ങൾ ഇപ്പോഴും ഹോസ്റ്റലിലെ ഭിത്തികളിൽ മുഴങ്ങിക്കേൾക്കുന്നുണ്ടായിരിക്കുമെന്ന് ഞങ്ങൾക്കറിയാം. മറ്റൊരു വസന്തത്തിനായ് തളിരൊരുങ്ങിയെങ്കിലും അവയുടെ പൂക്കളിലെ ഇതളുകളിൽ ഒരംശമായ് എന്നും ഞങ്ങളുണ്ടാവും.

# Hands that refuse to stay still...

Ashwini Prasad
II MSW



Anjali P S
I Sociology



Anandhu K Baiju
II MSW



Raysmol K R
I MAHRM



*Adarsh Raj K F*
I Sociology



*Raysmol K R*
I MAHRM





*Anandhu K Baiju*
I MAHRM



*Ashwini Prasad*
II MSW

# The hands that guide us...

## TEACHING & NON-TEACHING STAFF
## 2019-2020



# What caught the eye, the lens captured...



Aparna A M



Resmi J Nair



Anugraha Aneesh



Teena O Mathew



Kesiyamol Mathew



Amrutha V. S.



Anugraha Aneesh

# When brush met paint and they made merry...



Ashwini Prasad



Anju Cerin Mathew



Rameez M Sydeeq



Rameez M Sydeeq



Anju Cerin Mathew



Niranjana Mohan



Ashwini Prasad



Amrutha V S

# Department of Sociology

2019 - 21

2019 - 21



2018 - 20

2018 - 20

# Department of Social Work

2019 - 21

2019 - 21



2018 - 20

2018 - 20

# Department of Personnel Management



# Department of Counselling Psychology



# നന്ദി...

സ്റ്റോൺ ബെഞ്ചിന്റെയും ഓപ്പൺ സ്റ്റേജിന്റെയും
വിശാലതയിൽനിന്ന് മൊബൈൽ സ്ക്രീനിന്റെ ആറിഞ്ച്
വീതിയിലേയ്ക്ക് മാഗസിൻ ചർച്ചകൾ ചുരുങ്ങിത്തുടങ്ങിയ
നാളുകളിൽ Loyola Magazine 2020 ഒരു സ്വപ്നം മാത്രമായി
അവശേഷിക്കുമോ എന്ന് ഏറെ ആശങ്കപ്പെട്ടിരുന്നു.
അവിടെനിന്ന് 'Hakuna-matata'യിലേക്കുള്ള ദൂരവും
ജീവനത്തിൽനിന്ന് അതിജീവനത്തിലേക്കുള്ള പ്രയാണം തന്നെ ആയിരുന്നു; കരുത്തായത്,
കൈയ്യെത്താദൂരത്തിരുന്നും ചേർത്തു പിടിച്ച ചില നന്മനിറഞ്ഞ ഹൃദയങ്ങളാണ്.

ഇടയ്ക്ക് ഒരു ഫോൺ കോൾ: 'എന്തായി കാര്യങ്ങൾ? നമുക്കു മാഗസിൻ ഇറക്കണം.
ഒന്നിച്ചു നിന്നാൽ സാധിക്കും'; എല്ലാറ്റിനും പൂർണ്ണ പിന്തുണയുമായി കൂടെ നിന്ന
സുനിൽ സാർ, സജി അച്ചൻ.
'എന്തോ ചെയ്യും ഇനി?' മൊത്തം ബ്ലാങ്ക് ആയി നിന്ന സമയങ്ങളിൽ ഒരൊറ്റ
ഡയലോഗ്: "ഹാ! വിട് കൊച്ചേ. ഞങ്ങളില്ലേ, നമുക്കു സെറ്റ് ആക്കാന്നേ"
മരിയ ചേച്ചി, വിനീത് അച്ചാച്ചൻ. ഇവരില്ലാരുന്നേൽ...!!
പാതിരാ വരെ സ്റ്റോൺ ബെഞ്ചിലിരുന്ന് സഹിച്ച കൊതുകു കടികൾ,
ശ്രീകാര്യത്തെ കടകളിൽ പരസ്യത്തിനായുള്ള നീണ്ട അലച്ചിൽ..
എല്ലാത്തിലും കൂടെ വന്ന നൻപൻ ആദിൽ!
പാതിരാത്രിയാണേലും എന്താവശ്യപ്പെട്ടാലും 'ടപ്പേ, ടപ്പേ'ന്ന് സെറ്റാക്കിതന്ന്
കൂടെനിന്ന ടീംസ്- നിത്യ, ശിൽപ, പ്രജിത, നേഹ, ഗ്രേസ്, ദിവ്യ.
വെറുതെ മതിലും ചാരിനിന്ന എന്റെ കൈയ്യിൽ ഒരു പേപ്പർ തന്നിട്ട്
'ദാ, ഇവിടൊരു ഒപ്പിട്ടേരേ' എന്ന ഒരു ഡയലോഗിൽ ഞാൻ പോലും അറിയാതെ എന്നെ
എഡിറ്ററാക്കിയ യൂണിയൻ ചെയർമാൻ, അന്നു തൊട്ട് ഇന്നുവരെ സപ്പോർട്ട് തന്ന
എന്റെ യൂണിയൻ അംഗങ്ങൾക്കും ഏൻജലോ സാറിനും.
'Hakuna-matata'യ്ക്ക് അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും വരയിലൂടെയും
ജീവനും വെളിച്ചവും കൊടുത്ത എന്റെ ലെയോള കൂട്ടുകാർക്ക്,
കോളേജ് മാനേജ്മെന്റ്, പരസ്യദാതാക്കൾ, യുവദീപ്തി പ്രസ്സ്...

ഈ മനുഷ്യരിലോരോരുത്തരിലൂടെയും ഞാൻ കാണാതെ കണ്ട,
അനുഭവിച്ചറിഞ്ഞ എന്റെ ദൈവത്തിന്റെ മാറാ സ്നേഹത്തിന്..

'Hakuna-matata'യെ ഇത്ര സുന്ദരിയാക്കിയതിന്,
ഒരു യാഥാർത്ഥ്യമാക്കിയതിന്,
എല്ലാറ്റിനോടും എല്ലാവരോടും വാക്കുകൾക്കപ്പുറം
എന്നും കടപ്പെട്ടിരിക്കുന്നു.



കൃതജ്ഞതാപൂർവ്വം,
സ്റ്റുഡന്റ് എഡിറ്റർ




# RAGAM
## CONVENTION CENTRE

NH 66, Vetturoad, Kazhakuttam, Thiruvananthapuram, Kerala-695582
Phone(Office): 04712412361, 9446242361 Phone(MD): 9846084036, 9562762391
Email: ragamrasheed@gmail.com I Website:www.ragamconventioncentre.com

RAGAM AUDITORIUM IS RENOVATED AND TRANSFORMED INTO
RAGAM CONVENTION CENTRE WITH WORLD CLASS FACILITIES AND ELEGANT STYLE

IDEAL FOR MARRIAGE CEREMONIES & OTHER EVENTS

FEATURES

- Well lighted, CENTRALLY Air-Conditioned and Column Free Hall with a holding Capacity of 2000 delegates
- Air conditioned Banquet hall with a capacity of 600 delegates
- Balcony around three sides of the central hall
- Well-arranged parking for two wheelers, cars, buses
- State of the art audio visual system with Dolby system
- Breakout rooms
- Spacious Lounge area
- Two Green rooms
- Spacious stairs and ramp
- Modern Kitchen facilities
- Hygienic and modern wash rooms

A world class facility equipping students with modern technologies such as VR, AR, AI, ML and Game Making.

POWERED BY USTGlobal

# Loyola Digital Lab

TRANS FORM YOUR IDEAS

ADVANCED TECHNOLOGICAL MODULES

WORLD CLASS INFRASTRUCTURE

FULLY TRAINED FACULTY

UST Global®